# <u>വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ : ബിന്ദു ഗോപിനാഥ്- ഇൻ ചാർജ്ജ്)

**ഉത്തരവ് നമ്പർ : WCD/E6/7018/2022** തീയതി :04/11/2022

വിഷയം : വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - പി ടി എസ് തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം 2022 - കരട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) ജി.ഒ. (പി) നം. 03/2017/പി & എ.ആർ.ഡി, തീയതി : 25/02/2017 മറ്റ് അനുബന്ധ സർക്കാർ ഉത്തരവുകളും

2) വനിതാ ശിശുവികസന ഡയറക്ടറുടെ 01/08/2022 ലെ DWCD/2205/2022-E1 നമ്പർ പരിപത്രം

3) പി ടി എസ് തസ്തികയിലെ ജീവനക്കാരിൽ നിന്നും ഓൺലൈൻ മുഖേന ലഭിച്ച അപേക്ഷകൾ

വനിതാ ശിശുവികസന വകുപ്പിലെ ജീവനക്കാരിൽ നിന്നും 2022 ലെ പൊതു സ്ഥലംമാറ്റത്തിനായി പരാമർശം (2) പ്രകാരം ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ പി ടി എസ് തസ്തികയിലെ ജീവനക്കാരിൽ നിന്നും പരാമർശം (3) പ്രകാരം ഓൺലൈൻ മുഖേന ലഭ്യമായ അപേക്ഷ പരിഗണിച്ച് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പി ടി എസ് തസ്തികയിലെ ജീവനക്കാരിയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിനായി ഉത്തരവിന്റെ കരട് രൂപം പ്രസിദ്ധീകരിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥലംമാറ്റം അനുവദിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|---|
| 1 | ശ്രീമതി. ഹഫ്സത്ത് ബീവി | ICDS തോടന്നൂർ | ICDS മേലടി | അപേക്ഷ |

2022 ലെ പൊതുസ്ഥലം മാറ്റത്തിനായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള ജീവനക്കാരുടെ അപേക്ഷകൾ മാത്രമാണ് സ്ഥലംമാറ്റത്തിനായി പരിഗണിച്ചിട്ടുള്ളത്. 2022 ലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് അർഹതയുണ്ടായിരുന്ന ജീവനക്കാർക്ക് മേൽ പരാമർശിക്കുന്ന പ്രകാരം സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട്, ആക്ഷേപങ്ങൾ/ പരാതികൾ ഉണ്ടെങ്കിൽ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ ഏഴ് ദിവസത്തിനകം വനിതാ ശിശുവികസന ഡയറക്ടർക്ക് wcdestablishment2017@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ആയത് രേഖാമൂലം സമർപ്പിക്കാവുന്നതാണ്. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന ആക്ഷേപങ്ങൾ/ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. സമയപരിധിക്കകം ലഭ്യമാകുന്ന ആക്ഷേപങ്ങൾ/ പരാതികൾ കൂടി പരിശോധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**(ഒപ്പ്)**

**വനിതാ ശിശുവികസന ഡയറക്ടർ (I/C)**

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

Suriah

സൂപ്രണ്ട്